## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **3063**

21/06/2013 - ലെ മറുപടിയ്ക്ക്

### ഇടുക്കി ജില്ലയിൽ കർഷക കടാശ്വാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ. എസ് . ബിജിമോൾ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കർഷക കടാശ്വാസ കമ്മീഷൻ പാസ്സാക്കിയ അവാർഡ് തുക, ഇടുക്കി ജില്ലയിലെ എത്ര ധനകാര്യ സ്ഥാപനങ്ങൾക്ക് എത്ര വീതം നൽകിയെന്നു വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇടുക്കി ജില്ലയിലെ 72 സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് 6950 അവാർഡുകളിലായി 6,86,19,832/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) ധനകാര്യ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തുക സർക്കാരിൽ നിന്നും ലഭിക്കാത്തതുമൂലം കർഷകർക്ക് വീണ്ടും ധനകാര്യ സ്ഥാപനങ്ങൾ നോട്ടീസുകൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ബി) ഉണ്ട്.<br>കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവ് പ്രകാരം കർഷകൻ അടയ്ക്കേണ്ട തുക അടച്ചു കഴിഞ്ഞാൽ സർക്കാർ വിഹിതം ലഭിക്കുന്നതിനായി കാത്തിരിക്കാതെ തന്നെ ടിയാൻ ഈടു വച്ചിട്ടുള്ള പ്രമാണം തിരികെ നൽണ്ടേതാണെന്ന് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കമ്മീഷന്റെ ഉത്തരവ് പ്രകാരം കർഷക വിഹിതം അടയ്ക്കേണ്ട നിശ്ചിതതീയതിക്ക് മുൻപ് കർഷകർക്കെതിരെ യാതൊരു തരത്തിലുള്ള റിക്കവറി നടപടികളും സ്വീകരിക്കാൻ പാടില്ലെന്നും സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ